(ബി) ഇതിനുവേണ്ടി ആകെ എന്ത് തുക .ചെലവായിട്ടുണ്ട്;

(സി) ഈയിനത്തിൽ ഇതുവരെ എന്ത് തുകയുടെ സബ്സിഡി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പുവഴി പട്ടികജാതിക്കാർക്ക് വീട് വയ്ക്കാനുള്ള സ്ഥലം വാങ്ങുന്നതിനായി 14955 പേർക്കും വീട് വയ്ക്കുന്നതിന് 25351 പേർക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പുവഴി പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി & സി) പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി 193.42 കോടി രൂപ ധനസഹായം നൽകി. ഈ തുക മുഴുവനും സബ്സിഡിയായിരുന്നു.

പട്ടിക സമുദായ ക്ഷേമ വകുപ്പിന്റെ കീഴിലെ ഹോസ്റ്റലുകൾ

115 [874] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികസമുദായ ക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് ; ഏതെല്ലാമാണ് ;

(ബി) ഈ ഹോസ്റ്റലുകളുടെ നടത്തിപ്പിൽ വ്യാപകമായ അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായും വിദ്യാർത്ഥിനികളെ പീഡിപ്പിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് തടയുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഇ) ഹോസ്റ്റലുകളിൽ ഉന്നത ഉദ്യോഗസ്ഥർ മിന്നൽ പരിശോധനകൾ നടത്താറുണ്ടോ ; ഉന്നത ഉദ്യോഗസ്ഥരുടെ പരിശോധന നിരന്തരമായി ഹോസ്റ്റലുകളിൽ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 199 പ്രീമെട്രിക്ക് ഹോസ്റ്റലുകളും 18 പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഒറ്റപ്പെട്ട ചില സംഭവങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 20 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. ഉന്നത ഉദ്യോഗസ്ഥന്മാരുടെ പരിശോധന ഹോസ്റ്റലുകളിൽ നിരന്തരമായി നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/152/2013—16

LIBRARY ARCHIVES Kerala Legislative Assembly